**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5475** **24-03-2025 - ൽ മറുപടിയ്ക്ക്**

**ഡിജിറ്റൽ പഠനത്തിനായി സർക്കാർ തലത്തിലുള്ള ആപ്ലിക്കേഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഡിജിറ്റൽ പഠനത്തിനായി സർക്കാർ തലത്തിൽ ആപ്ലിക്കേഷനുകൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ആപ്ലിക്കേഷനുകളാണ് ഇപ്രകാരം തയ്യാറാക്കിയിട്ടുള്ളത്; ഓരോ ആപ്ലിക്കേഷനും തയ്യാറാക്കിയത് ഏത് ഏജൻസിയാണ്; ഓരോ ഇനത്തിലും ചെലവഴിച്ച തുക എത്ര ; സംസ്ഥാനത്ത് എത്ര സ്കൂളുകളിൽ പ്രസ്തുത ആപ്ലിക്കേഷനുകൾ ഉപയോഗിക്കുന്നുണ്ട്; വിശദമാക്കുമോ; | (എ) | ഡിജിറ്റൽ പഠനത്തിനായി പൊതുവിദ്യാഭ്യാസ വകുപ്പ കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) മുഖേന എസ്.സി.ഇ.ആർ.ടി.-യുടെ അക്കാദമിക പിന്തുണയോടെ 'സമഗ്ര' എന്ന പേരിൽ ഒന്നു മുതൽ പന്ത്രണ്ടു വരെ ക്ലാസുകൾക്ക് ഓരോ പാഠഭാഗത്തിനും അനുയോജ്യമായ ഡിജിറ്റൽ വിഭവങ്ങൾ സജ്ജമാക്കി എല്ലാ സ്കൂളുകൾക്കുമായി ലഭ്യമാക്കിയിരുന്നു. കോവിഡ് കാലയളവിൽ കൈറ്റ് വിക്ടേഴ്സിലൂടെ ഡിജിറ്റൽ ക്ലാസുകൾ സംപ്രേഷണം ചെയ്യുകയും അത് 'ഫസ്റ്റ്ബെൽ' എന്നപേരിൽ പ്രത്യേക പോർട്ടൽ (firstbel.kite.kerala.gov.in) സജ്ജമാക്കി പാഠപുസ്തക പരിഷ്കരണത്തിന്റെ ഭാഗമായി പുതുക്കിയ ഓരോ പാഠപുസ്തകത്തിനും അനുയോജ്യമായ ഡിജിറ്റൽ വിഭവങ്ങൾ 'സമഗ്രപ്ലസ്' പോർട്ടലിൽ കൈറ്റ് സജ്ജമാക്കിക്കൊണ്ടിരിക്കുകയാണ്. അതുപോലെ അധ്യാപകർക്കും കുട്ടികൾക്കും പൊതുജനങ്ങൾക്കും പ്രയോജനപ്പെടുന്ന വിധത്തിൽ 'സഹിതം' എന്ന പേരിൽ മെന്ററിംഗ് പോർട്ടലും 'സമ്പൂർണ പ്ലസ്' മൊബൈൽ ആപ്പും കൈറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഹൈടെക് സംവിധാനങ്ങൾ മറ്റ് വിഷയങ്ങളോടൊപ്പം ഭാഷാ വിഷയങ്ങൾക്കും പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ഇംഗ്ലീഷ് ഭാഷാ പഠനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ഇ-ക്യൂബ്, ഇംഗ്ലീഷ് ഇ-ലാംഗ്വേജ് ലാബ് പദ്ധതി നടപ്പിലാക്കി. പ്രസ്തുത പദ്ധതി വിജയിച്ചതിന്റെ അടിസ്ഥാനത്തിൽ ഹിന്ദി ഭാഷാപഠനത്തിനു സഹായിക്കുന്ന ഇ-ക്യൂബ് ഹിന്ദി പദ്ധതിയും കൈറ്റ് ആരംഭിച്ചിട്ടുണ്ട്.<br><br>പൊതുവിദ്യാഭ്യാസ വകുപ്പിൽ കൈറ്റിന് ലഭ്യമായ പ്ലാൻ ഫണ്ടും മാനവ ശേഷിയും ഉപയോഗിച്ചാണ് ഈ പ്രവർത്തനങ്ങൾ നടത്തി വരുന്നത്. ഇതിനായി മറ്റൊരു ഏജൻസിക്കും തുക നൽകേണ്ടി വരുന്നില്ല. |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തെ എല്ലാ സർക്കാർ എയ്ഡഡ് സ്കൂളുകളിലും ഈ ആപ്ലിക്കേഷനുകൾ ഉപയോഗിക്കുന്നുണ്ട്. |
| (ബി) | സർക്കാർ തലത്തിൽ തയ്യാറാക്കിയ ആപ്ലിക്കേഷനുകൾ അല്ലാതെ മറ്റ് ആപ്ലിക്കേഷൻ സർക്കാർ ഫണ്ട് ഉപയോഗിച്ച പദ്ധതികൾക്കായി സ്കൂളുകളിൽ ഉപയോഗിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം ആപ്ലിക്കേഷനുകളുടെ ഗുണനിലവാരം, സേവനവ്യവസ്ഥ എന്നിവ പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) | മാർഗനിർദേശങ്ങൾക്കനുസൃതമല്ലാത്ത ആപ്ലിക്കേഷനുകൾ സ്കൂളുകളിൽ ഉപയോഗിക്കാൻപാടില്ല എന്ന നിർദേശം എല്ലാ സ്കൂളുകൾക്കും നൽകിയിട്ടുണ്ട്. ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്ന കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | സർക്കാർ തലത്തിൽ തയ്യാറാക്കിയ ആപ്ലിക്കേഷനുകൾ അല്ലാതെ മറ്റ് ആപ്ലിക്കേഷൻ സ്കൂളുകളിൽ ഉപയോഗിക്കുന്നുണ്ടെങ്കിൽ അക്കാര്യത്തിലും അവയുടെ ഗുണനിലവാരം, സേവനവ്യവസ്ഥ എന്നിവ പരിശോധിക്കുന്ന കാര്യത്തിലും വീഴ്ച വരുത്തിയതിന് നാളിതുവരെ ഏതെങ്കിലും സ്കൂളുകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | മാർഗനിർദേശങ്ങൾക്കനുസൃതമല്ലാത്ത ആപ്ലിക്കേഷനുകൾ സ്കൂളുകളിൽ ഉപയോഗിക്കാൻപാടില്ല എന്ന നിർദേശം എല്ലാ സ്കൂളുകൾക്കും നൽകിയിട്ടുണ്ട്. ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്ന കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ